# പതിമൂന്നാം കേരള നിയമസഭ
# ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4346 27.06.2013-ൽ മറുപടി നൽകേണ്ടത്

## നികുതി അടയ്ക്കാൻ കഴിയാത്ത അവസ്ഥ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി കെ.കെ.ലതിക | | ശ്രീ അടൂർപ്രകാശ്<br>റവന്യൂവും കയറും വകുപ്പുമന്ത്രി | |
| (എ) | കോഴിക്കോട് വടകര താലൂക്ക് ചെക്യാട്, വില്ലേജാഫീസിന്റെ പരിധിയിൽപ്പെട്ട അരീക്കരക്കുന്നിൽ താമസക്കാരായവർക്കും കൈവശ കൃഷിക്കാർക്കും നികുതി അടയ്ക്കാൻ കഴിയാത്തതും കൈവശ സർട്ടിഫിക്കറ്റുകൾ നൽകാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലാന്റ് ബോർഡിന്റെ 30.03.13-ലെ TLB (B)1/2009 നമ്പർ ഉത്തരവുപ്രകാരം ഏറ്റെടുത്ത മിച്ചഭൂമിയിലെ കൈവശക്കാരിൽനിന്നും നികുതി സ്വീകരിക്കുകയോ ടി കക്ഷികൾക്ക് കൈവശ സർട്ടിഫിക്കറ്റ് നൽകുകയോ ചെയ്യുന്നില്ല. |
| (ബി) | പ്രസ്തുത കൃഷിക്കാരും താമസക്കാരും ഏത് വർഷം വരെയാണ് നികുതി അടച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (ബി) | 2008-2009 സാമ്പത്തികവർഷംവരെ നികുതി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ടി കൃഷിക്കാർക്കും താമസക്കാർക്കും തുടർന്നും നികുതി അടയ്ക്കുന്നതിനുള്ള അവസരം നൽകുമോയെന്ന് വ്യക്തമാക്കുമോ? | (സി) | മിച്ചഭൂമി ഏറ്റെടുത്തത് സംബന്ധിച്ച വിഷയം ടി.എൽ.ബി.യുടെ പരിഗണനയിൽ ആയതിനാൽ ഇക്കാര്യത്തിന്മേൽ ഉത്തരവ് ലഭ്യമാകാതെ നികുതി സ്വീകരിക്കുവാൻ നിർവ്വാഹമില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ